
● അഭിമുഖം/സി. ശരത്ചന്ദ്രൻ

# 'സിനിമകൾ കാണലും കാണിക്കലും ഒരു അടിസ്ഥാനതല പ്രവർത്തനം'

**കേരളത്തിലെ പ്രമുഖ ഡോക്യുമെന്ററി സംവിധായകനാണ് സി. ശരത്ചന്ദ്രൻ. കേരളമൊട്ടാകെ സിനിമാ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിൽ ഇദ്ദേഹത്തിന്റെ മുൻകൈ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ശരത്ചന്ദ്രനുമായി സിനിമാ നിരൂപകനും നവചിത്ര ഫിലിം സൊസൈറ്റിയുടെ മുഖ്യപ്രവർത്തകനുമായ പ്രൊഫ. ഐ. ഷൺമുഖദാസ് നടത്തിയ അഭിമുഖത്തിൽനിന്ന്.**



സി. ശരത്ചന്ദ്രൻ

**? കുറെ വർഷമായി കേരളത്തിലും സിനിമാശാലകൾ വ്യാപകമായി പൂട്ടിക്കൊണ്ടിരിക്കുകയാണ്. പലതും കല്യാണമണ്ഡപങ്ങളും മറ്റുമായി മാറിക്കഴിഞ്ഞു. ഒരിക്കൽ വളരെ ശക്തമായിരുന്ന ഫിലിം സൊസൈറ്റി പ്രസ്ഥാനവും പഴയ രീതിയിൽ അത്ര വിപുലമായ പ്രവർത്തനം കാഴ്ചവെയ്ക്കാതായി. ഈ സാഹചര്യത്തിൽ ഒരു വീഡിയോ പ്രൊജക്റ്റർ സ്വന്തമായി മേടിച്ച്, സ്വന്തമായി ലോകത്തിലെ മികച്ച സിനിമകളുടെ ഒരു നല്ല ശേഖരമുണ്ടാക്കി, കേരളത്തിന്റെ പല ഭാഗങ്ങളിലും ഒരു ചലച്ചിത്ര പ്രദർശകനായി എത്തിച്ചേർന്നു നേടിയ അനുഭവങ്ങൾ എന്തൊക്കെയായിരുന്നു എന്നു പങ്കുവെയ്ക്കാമോ?**

ഗൾഫിലായിരിക്കുമ്പോൾ മാസാമാസം കിട്ടുന്ന ശമ്പളത്തിൽനിന്നു ബാക്കിവെച്ചിട്ടാണ് ഒന്നും രണ്ടും കാസറ്റുകൾ ഓരോ മാസത്തിലും എന്ന കണക്കിന് മേടിച്ചിട്ടാണ് ലോക ക്ലാസ്സിക്കുകളുടെ ഒരു ശേഖരം ഞാനുണ്ടാക്കിയത്. 1998 ൽ ഗൾഫിൽ നിന്നു തിരിച്ചുവരുന്നത് അങ്ങിനെയുണ്ടാക്കിയ ഒരു ശേഖരവുമായിട്ടാണ്. കൂടാതെ അന്ന് കേരളത്തിൽ അത്ര സാധാരണമായിട്ടില്ലായിരുന്ന ഒരു വീഡിയോ പ്രൊജക്റ്ററും സ്വന്തമായിട്ടുണ്ടായിരുന്നു. 1998 ൽ തിരുവനന്തപുരത്തു വെച്ച് കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രമേള (IFFK) നടക്കുമ്പോൾ സിനിമകളുടെ ശേഖരത്തിന്റെ ഒരു ലിസ്റ്റ് ഞാൻ ആദ്യമായി തന്നത് ഓർക്കുന്നുണ്ടാകുമല്ലോ. ആദ്യമായി ഒരു പ്രദർശനം നമ്മൾ രണ്ടുപേരും കൂടി പോയി തൃശൂരിലെ വടക്കാഞ്ചേരിയിൽ വെച്ചാണ് നടത്തിയത്. നിന്നുപോയ ഒരു ഫിലിം സൊസൈറ്റിയെ പുനരുജ്ജീവിപ്പിക്കാൻ അവിടത്തെ കുറച്ചു ചെറുപ്പക്കാർ നടത്തിയ ശ്രമത്തിന്റെ ഭാഗമായിരുന്നു ആ പ്രദർശനം. അഞ്ചെട്ടുവർഷത്തെ ഇടവേളയ്ക്കുശേഷമാണ് ഞാൻ നാട്ടിൽ വീണ്ടും പ്രവർത്തനിരതനാകുന്നത്. ഇടയ്ക്ക് വന്നു പോയിക്കൊണ്ടിരുന്നുവെങ്കിലും ഒരു കൾച്ചറൽ ഏക്റ്റിവിസം, മീഡിയാ ഏക്റ്റിവിസം തുടങ്ങാൻ ശ്രമിക്കുന്നത് 1998 ലെ ഐ.എഫ്.എഫ്.കെ. യിൽ വെച്ചാണ്. 84-85 മുതലേ ഡോക്യുമെന്ററി കാണിച്ചുകൊണ്ടുള്ള ഏക്റ്റിവിസം ഉണ്ടായിരുന്നു. ഇഷ്യു ബെയ്സ്ഡ് ഡോക്കുമെന്ററികൾ, കെ.പി. ശശിയുടെ ചിത്രങ്ങൾ, പൂയംകുട്ടി പദ്ധതിക്കെതിരെ ഞാൻ തന്നെ ചെയ്ത ചിത്രം.

ശശിയുടെ ഇന്ത്യൻ റേർ എർത്തിലെ ഒക്കുപേഷൻ ഹെൽത് ഹസാർഡ്സിനെക്കുറിച്ചുള്ള ലിവിങ്ങ് ഇൻ ഫിയർ എന്ന ചിത്രം. ഇന്ത്യയിലെ ആദ്യത്തെ ന്യൂക്ലിയർ വിരുദ്ധചിത്രം എന്നു പറയാം. അതിനു ശേഷമാണ് 'വോയ്സ് ഓഫ് ബലിയപാൽ' വരുന്നത്. ആനന്ദ് പട്വർദ്ധന്റെ 'ബോംബെ ഹമാര ശഹർ' കാണിക്കുന്നതിനുമുമ്പതന്നെ കേരളത്തിൽ 'ബലിയപാൽ' കാണിച്ചിട്ടുണ്ട്. അതിനുമുമ്പാണ് 'ലിവിങ്ങ് ഇൻ ഫിയർ' കേരളത്തിൽ കാണിക്കുന്നത്. അന്ന് വീഡിയോ പ്രൊജക്റ്റർ ഇല്ലായിരുന്നു. ടെലിവിഷനും വിസിപി യും ചുമന്ന് നടന്ന് ചെറിയ സ്ക്രീനിലായിരുന്നു തെരുവുമൂലകളിലും മറ്റുമായി അന്നു ഞങ്ങൾ ഡോക്യുമെന്ററികൾ കാണിച്ചിരുന്നത്. ശശിയുടെ 'ഇൻ ദ നെയിം ഓഫ് മെഡിസിൻ' അങ്ങനെയാണ് പ്രദർശിപ്പിച്ചത്. ശഫ്ദർ ഹശ്മിയായിരുന്നു ആ ചിത്രത്തിന് കമന്ററി നൽകിയിരുന്നത്. 83 മുതൽ 89 വരെ ടിവിയും വിസിപിയും ഉപയോഗിച്ചുള്ള പ്രദർശനമായിരുന്നു.

**? വീഡിയോ പ്രൊജക്റ്ററുമായി ഫീച്ചർ സിനിമയിലെ ലോക ക്ലാസിക്കുകൾ പ്രദർശിപ്പിക്കാൻ തുടങ്ങിയപ്പോഴുള്ള അനുഭവങ്ങൾ...**

ശേഖരിച്ച കാസറ്റുകൾ വ്യക്തിപരമായ ആവശ്യത്തിനല്ലാതെ കൂടുതൽ ആളുകളെ കാണിക്കുക എന്ന ഉദ്ദേശ്യത്തോടെ നടത്തിയ ശ്രമങ്ങൾ.... കേരളത്തിന്റെ സ്വന്തമായ രണ്ടാമത്തെ ചലച്ചിത്രമേളയായിരുന്നു തിരുവനന്തപുരത്തു നടന്ന 98 ലെ ഐ.എഫ്.എഫ്.കെ എന്നു തോന്നുന്നു. ആ മേള തന്നെ നല്ല മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഒരുപാടു മനുഷ്യരുടെ സിനിമാ പ്രവർത്തനങ്ങൾ ആ മേള മുതൽ ഉണ്ടായിട്ടുണ്ട് എന്നാണ് എനിക്കു തോന്നുന്നത്. അതിന്റെ തുടർച്ച എന്ന നിലയ്ക്കാണ് ഞാൻ നടത്തിയ സ്ക്രീനിങ്ങുകൾ തുടങ്ങുന്നത്. 'സൂസൻ', ഒമർ കവൂറിന്റെ 'ഹോട്ടൽ', ലൂയി ബുനുവലിന്റെ റിട്രോസ്പെക്ടീവ് അങ്ങനെ വളരെ നല്ല അനുഭവങ്ങൾ ആ മേളയിൽ ഉണ്ടായിട്ടുണ്ട്. സിനിമ കാണുന്നതിൽ ആളുകളെ ആകർഷിക്കാനും മരിച്ചു പോയ ഫിലിം സൊസൈറ്റികൾ പുനർജീവിപ്പിക്കാനും 98 ലെ മേള സഹായകമായിട്ടുണ്ട്. എന്റെ കയ്യിലുള്ള ആർക്കൈവ്

ഉപയോഗിച്ച് പ്രദർശനം തുടങ്ങുന്നത് ആ മേളയെ തുടർന്നാണ്. 95 ൽ തിരുവനന്തപുരത്തു തന്നെ നടന്ന ഐവി ഫെസ്റ്റി (IV Fest) ൽ വീഡിയോ പ്രൊജക്റ്റർ ഉപയോഗിച്ചിട്ടാണ് പ്രദർശിപ്പിച്ചിരുന്നത്. അത്ഭുതമായിരുന്നു അത് കണ്ടപ്പോൾ. കേരളത്തിൽ വീഡിയോ പ്രൊജക്റ്റർ സാധാരണമായിത്തീരുന്നത് 98 നുശേഷം മാത്രമാണ്.

വീഡിയോ പ്രൊജക്റ്റർ ഉപയോഗിച്ച് വലിയ സ്ക്രീനിൽ പ്രദർശനങ്ങൾ പ്രധാനമായും നടന്നിട്ടുള്ളത് തൃശൂരിൽ ആയിരിക്കണം. ക്രിസ്റ്റോഫ് കീസ്‌ലോവ്സ്കിയുടെ സിനിമകൾ കേരളത്തിൽ ഏറ്റവും കൂടുതൽ പരിചിതമാകുന്നത് വീഡിയോ പ്രദർശനം വഴിയാണ് എന്ന് എനിക്കു പറയാൻ കഴിയും. അത്രയും പ്രദർശനങ്ങൾ ഞാൻ തന്നെ നടത്തിയിട്ടുണ്ട്. 98 മുതൽ 2000 വരെ ഏറെപ്രദർശനങ്ങൾ കീസ്‌ലോവ്സ്കിയുടെ തന്നെ ചിത്രങ്ങളുടേതായിട്ടുണ്ട്. ത്രീ കളേഴ്സിലെ നീല, വെള്ള, ചുവപ്പ്, ഡെക്കാലോഗിലെ പത്ത് ചിത്രങ്ങൾ എല്ലാം പുതിയ ചെറുപ്പക്കാർ കേരളത്തിൽ കാണുന്നത് അങ്ങിനെയാണ്. തിരുവനന്തപുരത്ത് മറ്റു പ്രദർശനങ്ങൾ ഉള്ളതുകൊണ്ട് വീഡിയോ സ്ക്രീനിങ്ങിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. മറ്റിടങ്ങളിൽ വീഡിയോ സ്ക്രീനിങ്ങിന്റെ സാദ്ധ്യത കീസ്‌ലോവ്സ്കി ചിത്രങ്ങളുടെ സ്ക്രീനിങ്ങിലൂടെയാണ് കൂടുതലായി ആളുകൾ അറിയുന്നത്.

**? കേരളത്തിൽ വ്യാപകമായി ഏതെല്ലാം ക്ലാസിക്കുകളായിരുന്നു പ്രദർശിപ്പിച്ചിരുന്നത് ?**

റായുടെ 'പഥേർ പാഞ്ചാലി', കുറൊസൊവയുടെ 'ഡ്രീംസ്', കുറൊസൊവയുടെ തന്നെ 'റാഷൊമൺ', ഡിസീക്കയുടെ 'ബൈസിക്കിൾ തീവ്സ്' ഏറ്റവും കൂടുതൽ കാണിച്ചിട്ടുള്ളത് ബൈസിക്കിൾ തീവ്സ്' ആയിരിക്കണം. ഒറ്റയ്ക്കും തെറ്റയ്ക്കുമായി ധാരാളം ചിത്രങ്ങൾ വേറെയും പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ അധികം കാണിച്ചിട്ടില്ലാത്ത ഒരു ചിത്രമാണ് പസോളിനിയുടെ 'ഗോസ്പൽ എക്കോർഡിങ്ങ് റ്റു മാത്യൂ' ആ സിനിമ ആദ്യമായി തൃശൂരിലാണ് പ്രദർശിപ്പിച്ചത്. നവചിത്രയുടെ പസോളിനി മേളയിൽ പസോളിനിയുടെ 'തിയറ'വും ആദ്യമായി പ്രദർശിപ്പിക്കുന്നത് അന്നായിരിക്കണം.

ആ രണ്ടുവർഷം ഒരുപാട് ഫിലിം സൊസൈറ്റികൾ ഉണ്ടാകുകയും മരിക്കുകയും ഉണ്ടായിട്ടുണ്ട്. ഈ വീഡിയോ പ്രൊജക്റ്റർ പ്രദർശനങ്ങൾ മറ്റുള്ളവർക്ക് ഊർജ്ജം പകർന്നിട്ടുണ്ട്. മധുരയിലും തിരുനെൽവേലിയിലും ആറു മാസത്തിനിടക്ക് ഞാൻ ചെന്ന് മേളകൾ പ്രദർശിപ്പിച്ചത് അങ്ങിനെയാണ്. കൊയിലാണ്ടി, കല്പറ്റ, പത്തനംതിട്ട, വടകര തുടങ്ങിയ പട്ടണങ്ങളിൽ നടത്തിയ പ്രദർശനങ്ങൾ .... ഡോക്കുമെന്ററി മേളകളും ഉണ്ടായിട്ടുണ്ട്. ബാംഗ്ലൂരിൽ എല്ലാ മാസവും രണ്ടാമത്തെ ശനിയാഴ്ചകളിൽ ഇങ്ങിനെ ഞാൻ ചെന്ന് ഡോക്കുമെന്ററികൾ പ്രദർശിപ്പിക്കാറുണ്ടായിരുന്നു. ഒരാൾ ഒരു ഡോക്കുമെന്ററി പിടിച്ചാൽ സംവിധായകനെയും കൊണ്ട് ശശി ആ ചിത്രമവിടെ പ്രദർശിപ്പിക്കുമായിരുന്നു. ചാലിയാറിനെക്കുറിച്ചുള്ള എന്റെ ചിത്രം അങ്ങിനെയാണ് പ്രദർശിപ്പിച്ചത്.

**? ഫീച്ചർ സിനിമയിലെ ലോക ക്ലാസിക്കുകൾ പ്രദർശിപ്പിച്ചപ്പോളുണ്ടായ ഏതെങ്കിലും അനുഭവം**

കൊയിലാണ്ടിയിൽ 'ഇൻസൈറ്റ്' എന്ന ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ താർക്കോവ്സ്കിയുടെ 'നൊസ്റ്റാൾജിയ' ആയിരുന്നു എന്നു തോന്നുന്നു കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. സിനിമയിൽ ഭയങ്കരമായ ഇടിയും മഴയും മിന്നലും. ഒരു എൽ.പി. സ്കൂളിൽ വെച്ചായിരുന്നു. പുറത്തും ഭീകരമായ ഇടിവെട്ടും മഴയും മിന്നലും. വല്ലാത്ത അനുഭവമായിരുന്നു അത്. നേരത്തെ ചിത്രം പല വട്ടം കണ്ടതായിരുന്നു എങ്കിലും സിനിമ കളിക്കാൻ ചെന്ന് സിനിമയ്ക്കകത്തും പുറത്തും ഒരേ അന്തരീക്ഷം അനുഭവിക്കുന്നത്. സിനിമ നേരത്തെ കണ്ടതിന്റെ അനുഭവത്തിൽ നിന്നുമേറെ വ്യത്യസ്തവും വിചിത്രവുമായ അനുഭവം. കല്പറ്റയിൽ അതുപോലെ സിനിമ കാണിക്കാൻ ചെന്നപ്പോളാണ് സത്യജിത് റായിയുടെ 'പഥേർ പാഞ്ചാലി' കണ്ട ശേഷം ഒരു സ്ത്രീ വന്നു സംസാരിച്ചത്. കത്രീനച്ചേച്ചി ഒരു ലൈംഗികത്തൊഴിലാളിയായിരുന്നു. 'സൂസന്ന' കാണിച്ച ശേഷം നടന്ന ഒരു ഡിസ്കഷനിൽ വെച്ചാണ് അവരെ ആദ്യമായി പരിചയപ്പെട്ടത്. ഓർമ്മയിൽ തങ്ങിനിൽക്കുന്ന മറ്റൊരു അനുഭവം ആലുവയ്ക്കടുത്ത് ശ്രീനാരായണപുരം എന്നോ മറ്റോ ഉള്ള ഒരു സ്ഥലത്ത് ചാപ്ലിൻ സിനിമയുമായി ചെന്നപ്പോൾ ഉണ്ടായ അനുഭവം. ഒരു കനാലിന്റെ സൈഡിൽ സ്ക്രീനൊക്കെ വലിച്ചു കെട്ടി സാധാരണക്കാരായ ആളുകൾ ധാരാളം വന്ന് 'ഡിറ്റി ലൈറ്റ്'സോ 'കിഡ്ഡോ' കണ്ട് അവർക്കുണ്ടായ സന്തോഷവും മറ്റും. ചാപ്ലിനെ വലിയ സ്ക്രീനിൽ കാണുന്ന അവരുടെ അനുഭവം.

**? ഗ്രാമങ്ങളിലെ പ്രദർശനങ്ങൾ എങ്ങനെയായിരുന്നു**

ഗ്രാമങ്ങളിൽ ഏറെ പ്രദർശനങ്ങൾ ഉണ്ടായി എന്നു പറയാൻ വയ്യ. ഗ്രാമങ്ങളിലെ സ്ക്രീനിങ്ങ് അധികവും 'ബൈസിക്കിൾ തീവ്സും' ചാപ്ലിൻ ചിത്രങ്ങളുമാണ്. ഗ്രാമങ്ങളിൽ ചാപ്ലിൻ സിനിമകൾ വളരെയേറെ സ്ഥലങ്ങളിൽ കാണിച്ചിട്ടുണ്ട്.

ആ രണ്ടുവർഷം കഴിഞ്ഞപ്പോഴേയ്ക്കും മറ്റു പലരും രംഗത്തു വന്നു. കോഴിക്കോട്ട് മീഡിയ സെന്റർ. പതിനഞ്ചു പേർ ചേർന്ന് ഒരു പ്രൊജക്റ്റർ മേടിക്കുകയും അവരുടെ ശേഖരമുപയോഗിച്ച് ഒരു കളക്ടറ്റീവ് ശ്രമം ഉണ്ടാകുകയും ചെയ്തു. ഒഡെസ്സയിലെ സത്യന്റെ ശ്രമവും വന്നു. 16 എംഎം. പ്രൊജക്റ്റർ ഉപയോഗിച്ച് സത്യൻ നേരത്തെ തന്നെ സ്ക്രീനിങ്ങുകൾ നടത്തിയിരുന്നു. പ്രത്യേകിച്ച് ജോൺ എബ്രഹാമിന്റെ സിനിമകൾ. 35 എം.എം. പ്രിന്റുകൾ മേടിച്ചേ പടങ്ങൾ കാണിക്കൂ എന്ന് ശഠിച്ചിരുന്ന ചലച്ചിത്ര അക്കാദമി തന്നെ തിരുവനന്തപുരത്ത് ബുധനാഴ്ചകളിൽ സ്ഥിരമായി വീഡിയോ സ്ക്രീനിങ്ങ് തുടങ്ങി. ആനന്ദ് പടവർദ്ധൻ സ്വന്തം ചിത്രങ്ങൾ വീഡിയോ പ്രൊജക്റ്റർ കൊണ്ടുവന്ന് കേരളത്തിൽ പ്രദർശിപ്പിക്കുകയുണ്ടായി.


**? കേരളത്തിൽ വ്യാപകമായി ഡോക്കുമെന്ററികൾ പ്രദർശിപ്പിക്കുന്നതിൽ ശരത് വലിയ പ്രവർത്തനം നടത്തിയിട്ടുണ്ട്. 'നോട്ടം' മൂവിങ്ങ് ഡോക്കുമെന്ററി മേള കേരളത്തിന്റെ പല ഭാഗങ്ങളിൽ കുറച്ചുവർഷമായി ഫിലിം സൊസൈറ്റികളുമായി സഹകരിച്ചു നടത്തിവരികയാണല്ലോ.**

രണ്ടായിരാമാണ്ടായതോടെ പല സൊസൈറ്റികളുടെയും സ്ക്രീനിങ്ങ് കുറഞ്ഞു തുടങ്ങി. ആയിടയ്ക്കാണ് ചാലിയാർ സമരവുമായി ബന്ധപ്പെട്ട് ഒരു ഡോക്കുമെന്ററി ഞാൻ നിർമ്മിക്കുന്നത്. കൂടുതലും ഇഷ്യുബെയ്സ്ഡ് ആയ ഡോക്കുമെന്ററികൾ നിർമ്മിക്കുന്ന നിലപാടിലേയ്ക്ക് ഞാൻ മാറിയത്....... കാഠ്മണ്ഡുവിലെ ഫിലിം സൗത്ത് ഏഷ്യാ ഫെസ്റ്റിവലിലേയ്ക്ക് ചാലിയാർ ചിത്രം ഞാൻ അയച്ചു. ചിത്രം തെരഞ്ഞെടുക്കപ്പെട്ടില്ല. അങ്ങിനെ അവിടെ തെരഞ്ഞെടുക്കപ്പെട്ട പടങ്ങളെക്കുറിച്ചറിയാൻ താല്പര്യമുണ്ടായി. ഇന്ത്യക്കകത്തുതന്നെ നിർമ്മിക്കപ്പെടുന്ന സമീപകാല ഡോക്കുമെന്ററികളെക്കുറിച്ച് അങ്ങിനെയാണ് അറിയുന്നത്. 98, 99 ലെ ചിത്രങ്ങളുടെ ഒരു പാക്കേജ്. ആ സിനിമകൾ കാണാ

നുള്ള വഴിയന്വേഷിച്ചപ്പോൾ കാസറ്റുകൾ അയച്ചു കിട്ടിയാൽ കാണാനും കാണിക്കാനും കഴിയാമെന്നു തോന്നി. കൊള്ളാവുന്ന ചിത്രങ്ങൾ എഴുതിവരുത്തുകയായിരുന്നു. 'നോട്ടം' ചലച്ചിത്രമേള തുടങ്ങുന്നത് അങ്ങിനെയാണ്. നേരത്തെ ചെയ്തിരുന്നതുപോലെ ഡോക്കുമെന്ററികൾ കാണിക്കാൻ തുടങ്ങി. 'നോട്ടം' ആദ്യം പ്രദർശിപ്പിച്ചത് കാഠ്മണ്ഡുവിലെ റിട്രോസ്പെക്ടീവ് ആയിരുന്നു. പിന്നെ ഫിലിം ഡിവിഷൻ മുംബെയിൽവെച്ച് രണ്ടുവർഷത്തിലൊരിക്കൽ നടത്തുന്ന മുംബൈ അന്താരാഷ്ട്ര ഡോക്കുമെന്ററി ഹ്രസ്വചിത്രമേള (MIFF) യിൽ ചാലിയാറിനെക്കുറിച്ചുള്ള ചിത്രവുമായി ചെല്ലുന്നു. 'ചാലിയർ ദ ഫൈനൽ സ്ട്രഗിൾ' എന്ന ഈ ചിത്രം ബാബുരാജും കൂടി ചേർന്നാണ് ഞാനെടുത്തത്. മിഫിലെ നല്ല ചിത്രങ്ങൾ ചേർന്ന് 2001 ൽ 'നോട്ടം' മേളയായി അവതരിപ്പിക്കുന്നു. കേരളത്തിനു പുറത്തുള്ള ഡോക്കുമെന്ററി ഫിലിം സംവിധായകരും പ്രവർത്തകരുമായി ബന്ധപ്പെടുന്നത്, അവരുടെ പടങ്ങൾ ഇവിടെ കാണിക്കാൻ ഇടവരുന്നത്, അങ്ങിനെയാണ്. 95 ലെ ഐവി ഫെസ്റ്റിനുശേഷം ഡോക്കുമെന്ററികൾ രണ്ടോ മൂന്നോ ദിവസം ഒരുമിച്ചു വന്നു കാണുന്ന പതിവ് 'നോട്ട'ത്തിലൂടെയാണ് കേരളത്തിൽ വരുന്നത് എന്നു തോന്നുന്നു. ഡോക്കുമെന്ററികൾ 16 എം.എം. ൽ ഒഡേസ്സ നേരത്തെ പ്രദർശിപ്പിക്കാറുണ്ടായിരുന്നു.

**? 'നോട്ടം' ആദ്യവർഷത്തിൽ തൃശൂരിൽവെച്ചു നടക്കുമ്പോൾ സാഹിത്യ അക്കാദമി ഹാളിൽ മൂന്നുദിവസവും പത്തും പതിനഞ്ചും ആളുകൾ മാത്രം വന്നിരുന്ന ദയനീയമായ കാഴ്ച ഓർമ്മിക്കുന്നു. അതേ ഹാളിൽ പിന്നീട് ഡോക്കുമെന്ററി സിനിമ കാണാൻ ആളുകൾ തിങ്ങിനിറഞ്ഞത്, ആളുകൾ നിന്നുകൊണ്ട് ഡോക്കുമെന്ററി കണ്ടത്, ആവേശം പകർന്ന അനുഭവമായിരുന്നു.**

സുരേഷ് പട്ടാലിയും സുഹൃത്തുക്കളും ചേർന്ന് തൃശൂരിനടുത്തുള്ള വലപ്പാട് ഷോർട്ട് ഏന്റ് ഡോക്കുമെന്ററി മേള വർഷങ്ങൾക്കുമുമ്പ് സംഘടിപ്പിച്ചിരുന്നു. അന്ന് ആ പടങ്ങൾ കാണാൻ വരുന്ന ആളുകൾ ഉണ്ടായിരുന്നു. എന്നാൽ 'നോട്ടം' തുടങ്ങുന്ന സന്ദർഭത്തിൽ ഡോക്കുമെന്ററി മേളയ്ക്ക് തിരുവനന്തപുരത്തും തൃശൂരിലും ആളുണ്ടായിരുന്നില്ല. എറണാകുളത്താണ് ആളുണ്ടായിരുന്നത്. പിന്നീട് ആളുകൾ വന്നു തുടങ്ങി. 2002 ൽ ആനന്ദ് പട്വർദ്ധനെയും കൊണ്ടുവന്ന്, വർഗീയതയ്ക്കും യുദ്ധത്തിനും എതിരെയുള്ള 'നോട്ടം' സംഘടിപ്പിച്ചപ്പോൾ എല്ലാ സ്ഥലത്തും ആളുകൾ കൂടിയിരുന്നു. പട്വർദ്ധന്റെ മൂന്നുമണിക്കൂർ നീളമുള്ള ആണവവിരുദ്ധ ചിത്രമായ 'യുദ്ധവും സമാധാനവും' കേരളത്തിലുടനീളം പ്രദർശിപ്പിച്ചപ്പോൾ ആളുകൾ ഡോക്കുമെന്ററി സിനിമ നിന്നുകാണുന്ന അവസ്ഥയുണ്ടായി. പ്രത്യേകിച്ച് തൃശൂരും കോഴിക്കോട്ടും.



'കനവി'ന്റെ ബ്രോഷർ

**? നഗരങ്ങളിലും വലിയ പട്ടണങ്ങളിലുമല്ലാതെ സ്ക്രീനിങ്ങുകൾ നടക്കുന്നത് .....**

മലപ്പുറം ജില്ലയിലെ തിരൂരിൽ ഫ്രെയിം ഫിലിം സൊസൈറ്റി ശ്രദ്ധേയമായ പാക്കേജുകൾ പ്രദർശിപ്പിച്ചത് അംഗങ്ങളുടെ ആവേശത്തിന്റെ ഫലമായിട്ടാണ്. അതിപ്പോഴും അവിടെ ചോർന്നുപോയിട്ടില്ല. അതിനു തൊട്ടുമുമ്പ് പൊന്നാനിയിൽ മൂന്നുനാലു സ്ക്രീനിങ്ങ് ഉണ്ടായി. പിന്നീടതു നിലച്ചുപോയി. ആ തരത്തിൽ എത്രയോ ഫിലിം സൊസൈറ്റികൾ കേരളത്തിൽ ഉണ്ടായി, നശിക്കുകയും ചെയ്തു.

**? ലോക ക്ലാസിക്കുകൾ അധികം ഇപ്പോൾ പ്രദർശിപ്പിക്കാറില്ലെ ?**

ഇൻഡിവിജ്വൽ കളക്ഷൻസ് ഇപ്പോൾ ഒരുപാടു ആളുകൾക്ക് ഉണ്ടായിത്തുടങ്ങി. അത് പൊതു പ്രദർശനങ്ങൾക്ക് ഉപയോഗിക്കാനും തുടങ്ങി. സണ്ണി ജോസഫിനെപോലൊരു ചലച്ചിത്രസംവിധായകൻ സിനിമ ഷൂട്ടു ചെയ്തതിനു കിട്ടിയ പ്രതിഫലം പണമായി സ്വീകരിക്കാതെ ഡിവിഡി ആയി സ്വീകരിച്ച് അതു നാട്ടുകാരെ കാണിക്കാനും നല്ല സിനിമ നാട്ടുകാർക്കിടയിൽ എത്തിക്കാനും ശ്രമിച്ചുതുടങ്ങിയത് ശ്രദ്ധേയമാണ്. മീഡിയാ സെന്ററിന്റെ വലിയ ശേഖരവും വ്യാപകമായി ഉപയോഗിക്കപ്പെട്ടുതുടങ്ങി.

മരിക്കാതെ ഇപ്പോഴും വല്ലപ്പോഴും പടം കാണിക്കുന്ന പല ഫിലിം സൊസൈറ്റികൾ ഇന്നും കേരളത്തിലുണ്ട്. നന്നായി പ്രവർത്തിക്കുന്ന ഫിലിം സൊസൈറ്റികളെ കൂടാതെയാണിത്. ആലപ്പുഴയിലെ ബാനർ, കൽപ്പറ്റയിലെ നേതി, അടുത്തിടയ്ക്ക് കൊല്ലത്ത് 'ഫോക്കസ്' തുടങ്ങിയത്...... കൊല്ലം, ആലപ്പുഴ ഭാഗത്ത് ഇങ്ങിനത്തെ സംരംഭങ്ങൾ നടക്കില്ല എന്ന് ആളുകൾ വിചാരിച്ചിരുന്നു.... കാമ്പസുകളിൽ വർക്ക്ഷോപ്പുകൾ ആയി എന്റെ ശേഖരത്തിലെ കാസറ്റുകൾ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. മഹാരാജാസിൽ നാലഞ്ചുവർഷം സ്ഥിരമായി എന്റെ കയ്യിലെ കാസറ്റുകളാണ് കൊണ്ടുപോയിരുന്നത്. തൃശൂരിലെ കാമ്പസ് സർക്കിൾ എന്റെ ശേഖരം ഉപയോഗിച്ച് ധാരാളം പ്രദർശനങ്ങൾ കാമ്പസിനകത്തും പുറത്തും നടത്തിയിട്ടുണ്ട്.

**? ഒരു എക്സ്ഹിബിറ്റർ എന്ന നിലയ്ക്ക്, നല്ല സിനിമയുടെ സന്ദേശവാഹകൻ എന്ന നിലയ്ക്ക്, സാമൂഹ്യ പ്രവർത്തകൻ എന്ന നിലയ്ക്ക് ....**

എന്നെ സംബന്ധിച്ചിടത്തോളം ഫീച്ചർ സിനിമയും ഡോക്കുമെന്ററിയും കാണിച്ച് ആളുകൾക്കിടയിൽ ഇറങ്ങി പ്രവർത്തിക്കുക എന്നത് മനുഷ്യരുമായി സൗഹൃദം ഉണ്ടാക്കുക എന്നത്, ഒരു സാമൂഹ്യ പ്രവർത്തനം എന്ന നിലയിൽ, സാംസ്കാരിക പ്രവർത്തനം എന്ന നിലയിൽ തന്നെയാണ് എടുക്കുന്നത്. ഒരുപാടുപേർക്ക് ഇതിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട് മുന്നോട്ടുവരാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ചാരിതാർത്ഥ്യജനകമാണ്. അത്യാവശ്യം കയ്യിൽ ഉള്ള സിനിമകൾ മലയാളത്തിൽ സബ്ടൈറ്റിൽ ചെയ്ത് സാധാരണജനങ്ങൾക്കിടയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ചില ഡോക്കുമെന്ററികൾ മലയാളത്തിലേയ്ക്കാക്കി കാണിക്കാൻ ശ്രമിച്ചിട്ടുണ്ട്. പട്വർദ്ധന്റെ 'രാംകെനാം' എന്ന ഡോക്കുമെന്ററി 'ദൈവത്തിന്റെ നാമത്തിൽ' എന്ന പേരിൽ മലയാളത്തിലാക്കി എണ്ണമറ്റ സന്ദർഭങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ഈ രീതിയിൽ കൂടുതൽ മുന്നോട്ടു പോകാനാകുമെന്ന് തന്നെയാണ് പ്രതീക്ഷ. തിയ്യറ്ററിൽ പോയി സിനിമ കാണുന്നതിന്റെ ഒരു ബദൽ രീതിയായി ഇതു നിലനില്ക്കും.


**ബന്ധപ്പെടാനുള്ള വിലാസം :**
സി. ശരത്ചന്ദ്രൻ, 101,
നോർത്ത് ഫോർട്ട് ഗാർഡൻ,
തൃപ്പൂണിത്തുറ. ഫോൺ:0484-3259321